**കേരള കാർഷിക സർവ്വകലാശാല**

**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**

മേലേ പട്ടാമ്പി (പി.ഒ), പാലക്കാട് ജില്ല, 679 306 (പിൻ), കേരളം

Email : adrptb@kau.in, rarsptb@kau.in URL: http://rarsptb.kau.in

Ph : 0466-2212228


നമ്പർ: **RARSCZ/3418/2025-D1** മേലേ പട്ടാമ്പി , തിയ്യതി, 23-10-2025

<u>ക്വട്ടേഷൻ നോട്ടീസ്</u>

ഈ കേന്ദ്രത്തിലെ "NHM On Spices & Aromatic Plants" എന്ന ഗവേഷണ പദ്ധതിയുടെ ഭാഗമായി, ചുവടെ പറയുന്ന ജോലി ചെയ്തുതരുവാൻ തയ്യാറുള്ള ആളുകളിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി, മത്സരാടിസ്ഥാനത്തിൽ രഹസ്യ സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

1. 3 : 1 അനുപാതത്തിൽ മണ്ണും ചാണകപ്പൊടിയും യോജിപ്പിച്ച് നടീൽ മിശ്രിതം തയ്യാറാക്കുക.
2. കട്ടകളില്ലാതെ ശരിയായ രീതിയിൽ യോജിപ്പിച്ച മിശ്രിതം 6" X 4" വലിപ്പമുള്ള പോളി ബാഗുകളിൽ നിറയ്ക്കുക.
3. മിശ്രിതം നിറച്ച പോളി ബാഗുകൾ ഈ കേന്ദ്രത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദേശാനുസരണം യഥാസ്ഥാനത്ത് ക്രമീകരിക്കുക.
4. മിശ്രിതം നിറയ്ക്കേണ്ട പോളി ബാഗുകളുടെ ഏകദേശം എണ്ണം:-25000 Nos.

<u>നിബന്ധനകൾ</u>

1. വെള്ളക്കടലാസിൽ തയ്യാറാക്കി ഒട്ടിച്ച കവറിൽ അടക്കം ചെയ്ത ക്വട്ടേഷനിൽ ഒരു കവറിൽ മിശ്രിതം നിറയ്ക്കാൻ ലഭിക്കേണ്ട നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
2. ടി ക്വട്ടേഷനുകൾ **07/11/2025 ഉച്ചയ്ക്ക് ശേഷം 2 മണിക്ക്** മുമ്പ് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം 2.30-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ തുറക്കപ്പെടുന്നതായിരിക്കും.
3. ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ പേര്, കൃത്യമായ മേൽവിലാസം, ഫോൺ നമ്പർ എന്നിവ ക്വട്ടേഷനിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
4. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ രൂ. 500/- (അഞ്ഞൂറ് രൂപ മാത്രം) നിരതദ്രവ്യമായി അടവാക്കേണ്ടതാണ്.
6. കരാർ തുകയിൽ നിന്ന് നിലവിലുള്ള നിരക്കിൽ ആദായനികുതി ഈടാക്കുന്നതാണ്. ഇതിന് ആദായനികുതി വകുപ്പിൽ നിന്ന് ലഭിച്ച പാൻകാർഡ് ഹാജരാക്കേണ്ടതാണ്.
7. സർക്കാർ ക്വട്ടേഷനുകൾക്കുള്ള മറ്റെല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

Raji P

ASSOCIATE DIRECTOR OF RESEARCH

സ്വീകർത്താക്കൾ : നോട്ടീസ് ബോർഡ് - പ്രധാന ഓഫീസ്/ഫാം ഓഫീസ്/വിൽപ്പന കേന്ദ്രം/ മിനി സിവിൽ സ്റ്റേഷൻ, പട്ടാമ്പി/സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റ്

പകർപ്പ് : ശ്രീമതി. അശ്വതി ടി എസ്, അസിസ്റ്റന്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ വിഭാഗം

KERALA AGRICULTUTAL UNIVERSITY MELE PATTAMBI PALAKKAD 679306 REGIONAL AGRICULTURAL RESEARCH STATION

Signed by

Raji P

Date: 23-10-2025 11:50:46